**പതിനാലാം കേരള നിയമസഭ**
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5425 01.07.2019-ലെ മറുപടിയ്ക്ക്

## താ<u>യ്ക്കോണ്ടോ അസോസിയേഷൻ ഓഫ് കേരളയ്ക്ക് സ്പോർട്സ് കൗൺസിൽ അംഗീകാരം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാന കായിക നിയമം അനുസരിച്ച് ഒരു കായിക അസോസിയേഷന് അഫിലിയേഷൻ നൽകുന്നത് കേന്ദ്ര കായിക മന്ത്രാലയത്തിന്റെയും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലാണോയെന്ന് വ്യക്തമാക്കാമോ; | (എ) | 2000 ലെ സ്പോർട്സ് ആക്റ്റ്, സെക്ഷൻ 31 ലെയും 2008 ലെ കേരള സ്പോർട്സ് റൂൾ 55, 56 ലെയും നിബന്ധനകളും, വ്യവസ്ഥകളും അനുസരിച്ചാണ് സംസ്ഥാന കായിക അസോസിയേഷനുകൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകുന്നത്. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം ഒരു കായിക അസോസിയേഷന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം നൽകണമെങ്കിൽ പ്രസ്തുത സംഘടന ഭാരത സർക്കാരിന്റെ യുവജനകാര്യവും സ്പോർട്സ് മന്ത്രാലയത്തിന്റെ അംഗീകാരമുള്ള ദേശീയ സ്പോർട്സ് ഫെഡറേഷനോടോ, അസോസിയേഷനോടോ ബോർഡിനോടോ അഫിലിയേറ്റ് ചെയ്തിരിക്കണം അല്ലെങ്കിൽ അന്തർദേശീയ സ്പോർട്സ് ഫെഡറേഷന്റെയും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെയും അംഗീകാരം ഉള്ളതോ ആയ ദേശീയ സ്പോർട്സ് ഫെഡറേഷനോടോ ബോർഡിനോടോ അഫിലിയേറ്റ് ചെയ്തിരിക്കണം. |
| (ബി) | തായ്ക്കോണ്ടോ അസോസിയേഷൻ ഓഫ് കേരളയ്ക്ക് സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | തായ്ക്കോണ്ടോ എന്ന കായിക ഇനത്തിന് കേന്ദ്ര കായിക മന്ത്രാലയത്തിന്റെയോ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെയോ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ എപ്രകാരമാണ് ഇതിന് അംഗീകാരം നൽകിയതെന്ന് വ്യക്തമാക്കുമോ? | (സി) | തായ്ക്വോൺണ്ടോ അസോസിയേഷൻ ഓഫ് കേരളയ്ക്ക് 2000 ലെ സ്പോർട്സ് ആക്ട്, സെക്ഷൻ 31 ലെയും 2008 ലെ കേരള സ്പോർട്സ് റൂൾ 55, 56 ലെയും നിബന്ധനകളും, വ്യവസ്ഥകളും പാലിച്ചാണ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ